ലക്കം 1 പുസ്തകം 7

മാർച്ച് 2025

# ക്രിസ് വോയ്സ്

തിരുപുറം സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക ബുള്ളറ്റിൻ



നീ പൊടിയാണ്,
പൊടിയിലേക്കുതന്നെ
നീ മടങ്ങും.
(ഉൽപത്തി 3 : 19)

# തിരുപുറം ഇടവകയ്ക്ക് അഭിമാന നിമിഷം



നെയ്യാറ്റിൻകര ലത്തീൻ രൂപതയിലെ കോർപ്പറേറ്റ് മാനേജ്മെൻറ് സ്കൂളുകളിൽ നിന്നും മികച്ച അധ്യാപികക്കുള്ള അവാർഡ് നിയുക്ത സഹ മെത്രാൻ റൈറ്റ് റവ.ഡോ. സെൽവരാജൻ പിതാവിൽ നിന്നും പേയാട് സെൻറ് സേവ്യേഴ്സ് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾ **സുധ ടീച്ചർ** ഏറ്റുവാങ്ങുന്നു.



## കുടുംബാംഗങ്ങളോടൊപ്പം

## എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| രക്ഷാധികാരി | : | റവ. ഫാ. ജിബിൻ രാജ്. |
| ചീഫ് എഡിറ്റർ | : | എസ്.ഒ.ഷാജികുമാർ |
| മാനേജിങ് എഡിറ്റർ | : | ബിബിൻ രാജ് |

*എഡിറ്റേഴ്സ്*

സിസ്റ്റർ ലൗലി സിറിയക്ക്
അനൂപ് എ.സി.
അതുൽ പി.എസ്.
റോജിൻ ആർ.ബി.
അനൂപ് എസ്.എസ്.
എസ്. സുധ

*ലേഔട്ട് & ഡിസൈൻ*

അതുൽ പി.എസ്.



# എഡിറ്റേഴ്സ് വോയ്സ്

പ്രിയരെ,

മഹാജൂബിലി വർഷത്തിൽ ക്രൈസ്തവ വിശ്വാസികൾ പരമപ്രധാനമായി ആചരിക്കുന്ന നോമ്പുകാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഈ വേളയിൽ കത്തോലിക്കാ സഭയെ സകലവിധ സമകാലിക പ്രതിസന്ധികളിൽ നിന്നും വിമോചിപ്പിച്ച് തന്റെ ആത്മീയ സാമൂഹിക പ്രബോധനങ്ങളിലൂടെയും ത്യാഗനിർഭരമായ ജീവിതത്തിലൂടെയും മാതൃകാപരമായി മുന്നോട്ടു നയിക്കുകയും പ്രത്യാശയുടെ സിനഡാത്മക ആശയങ്ങളിലൂടെ മുന്നേറാനുള്ള ആത്മധൈര്യം പകർന്ന് സഭയുടെയും ലോകത്തിന്റെയും പ്രത്യാശാവാഹകനായ പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ ആരോഗ്യത്തിനായി നമുക്ക് പ്രാർത്ഥിക്കാം. അതോടൊപ്പം നമ്മുടെ രൂപതയുടെ സഹമെത്രാനായി പരിശുദ്ധ പിതാവ് തന്നെ തെരഞ്ഞെടുത്ത റൈറ്റ് റവ.ഡോ. ഡി.സെൽവരാജൻ പിതാവിന്റെ മെത്രാഭിഷേകം 2025 മാർച്ച് 25ന് നെയ്യാറ്റിൻകരയിൽ നടത്തുകയാണ്. ദക്ഷിണ കേരളത്തിൽ സഭയുടെ സമഗ്ര വളർച്ചയ്ക്ക് പിതാവിലൂടെ ദൈവം പ്രവർത്തിക്കാൻ സകലവിധ ശക്തിയും ആരോഗ്യവും പ്രദാനം ചെയ്യാൻ പ്രാർത്ഥനാപൂർവ്വം നമുക്ക് യാചിക്കാം. പ്രത്യാശയുടെ നോമ്പുകാല അനുഭവത്തിനായി 'ക്രിസ് വോയ്സ്' വായനക്കാർക്ക് പ്രാർത്ഥനാശംസകൾ.

ചീഫ് എഡിറ്റർ

# താളുകൾ മറിക്കുമ്പോൾ


| NO | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ഇടയസ്വരം | 3 |
| 2 | ദൈവവും ഞാനും | 3 |
| 3 | നോമ്പുകാല ചിന്തകൾ | 4 |
| 4 | വലിയ നോമ്പും ചെറിയ ചിന്തയും | 5 |
| 5 | ക്രിസ് വോയ്സ് ക്വിസ് | 8 |
| 6 | ക്രിസ് വോയ്സ് ക്വിസ് ഉത്തരങ്ങൾ | 11 |
| 7 | കുടുംബയോഗങ്ങൾ | 12 |
| 8 | വരി തന്നവർ | 13 |
| 9 | വരവ് ചെലവ് | 15 |
| 10 | പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളോട് | 19 |

# ഇടയസ്വരം



ഇടവക വികാരി
റവ. ഫാ. ജിബി ൻ രാജ്.

ചാരം അഗ്നിയാൽ ശുദ്ധമാക്കപ്പെട്ടതാണ്. ഈ നോമ്പുകാലത്ത് പ്രായശ്ചിത്തത്തിന്റെയും പശ്ചാത്താപത്തിന്റെയും പ്രാർത്ഥനയുടെയും ആഗ്നേയ പാതയിലൂടെ വിശ്വാസികളുടെ മനസ്സും ശരീരവും വിശുദ്ധമാക്കപ്പെടട്ടെ. ചാരം ഒരു പ്രതീകമാണ്. വിശ്വാസികളുടെ വിശുദ്ധരുടെ പ്രതീകം. നല്ലൊരു നോമ്പുകാലം ആശംസിക്കുന്നു.

# ദൈവവും ഞാനും



രാഗേന്ദു ജെ.ഡി.
ക്ലാസ് : 10

വ്യക്തിബന്ധത്തിന്റെ ആഴം അളക്കാൻ സാധിക്കുന്നതല്ല. ഭൗതികമായ ബന്ധങ്ങൾ അകന്നുപോയേക്കാം. ആത്മീയതയിൽ രൂപം കൊള്ളുന്ന ബന്ധങ്ങൾ അർത്ഥമുള്ളതും അതിലുപരി ദൈവീകതയിൽ ഉറപ്പിക്കപ്പെട്ടതാണ്. ദൈവവും ഞാനും തമ്മിലുള്ള ബന്ധം സ്നേഹത്തിൽ ഒന്നിപ്പിക്കുന്നതും വിശുദ്ധിയിൽ ജീവിക്കാൻ പ്രചോദനമേകുന്നതും പരിശുദ്ധാത്മാവിന്റെ ശക്തി നൽകുന്നതും ആയ കൗദാശിക ബന്ധമാണ്.

ഇത്തരത്തിൽ ദൈവവുമായി അഗാധ ബന്ധം പുലർത്തുന്ന വ്യക്തിത്വം യഥാർത്ഥ ക്രിസ്ത്യാനി എന്ന വിളിപ്പേരിന് അർഹരാണ്. പഴയനിയമത്തിൽ ദൈവമക്കൾ, ദൈവപുത്രന്മാർ, പുതിയ നിയമത്തിൽ യേശുവിനെ അനുഗമിക്കുന്നവർ, അപ്പസ്തോലന്മാർ, എന്നൊക്കെ വിളിക്കപ്പെട്ടവരെ പോലെ നമ്മിൽ ആരെയെല്ലാമാണ് വിളിച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കാൻ ദൈവവുമായുള്ള ബന്ധം നമ്മെ സഹായിക്കുന്നു.

അത് തിരിച്ചറിയാനും വിശ്വാസത്തിൽ ആഴപ്പെടാനും ദൈവവുമായി ഒന്നായി തീരുവാനും കൂദാശയിലൂടെയുള്ള ദൈവമനുഷ്യബന്ധം ശക്തിയേകുന്നു

# നോമ്പുകാല ചിന്തകൾ



**ബേബികമല എൽ.കെ.**
**മണ്ണക്കല്ല്**

യേശുവിനെ അനുഭവിക്കുവാൻ, യേശുവിനെപ്പോലെ ത്യാഗം സഹിക്കുവാൻ, യേശുവിനെ അനുഗമിക്കുവാൻ വീണ്ടും ഒരു നോമ്പുകാലം ആരംഭിക്കുകയായി. വചനം പഠിക്കാനും വചനം അനുസരിച്ച് ജീവിക്കാനും ഈ നോമ്പുകാലം കൂടുതൽ നമ്മെ സഹായിക്കട്ടെ.

പ്രാർത്ഥന, ഉപവാസം, ദാനധർമ്മം ഇതെല്ലാം നോമ്പുകാലത്ത് അനുഷ്ഠിക്കേണ്ട കർമ്മങ്ങളാണ്. ഇതിനെല്ലാം ഉപരിയായി നമ്മുടെ ചിന്തയും മനസ്സും പ്രവർത്തിയും എല്ലാം മറ്റുള്ളവർക്ക് നന്മ ഉളവാക്കുന്നതായിരിക്കണം. മറ്റുള്ളവരെ വിശ്വാസത്തിൽ വളർത്തണമെങ്കിൽ ആദ്യം നാം നമ്മുടെ ജീവിതത്തിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണ്. നിങ്ങളുടെ വസ്ത്രമല്ല ഹൃദയമാണ് കീറേണ്ടത് എന്ന് കർത്താവ് നമ്മെ പഠിപ്പിക്കുന്നു. വി. യോഹന്നാൻ 6:63-ൽ നാം കാണുന്നു, ആത്മാവാണ് ജീവൻ നൽകുന്നത് ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. ആത്മാവ് നഷ്ടപ്പെട്ടാൽ ശരീരത്തിന് എന്ത് ചെയ്യാനാകും. അതിനാൽ ആത്മാവ് നഷ്ടപ്പെടാതെ മറ്റുള്ളവർക്ക് തന്നാൽ കഴിയുന്ന സഹായങ്ങൾ ചെയ്തുകൊണ്ടും അവരെ സ്നേഹിച്ചുകൊണ്ടും നമുക്ക് ജീവിക്കാം.

കർത്താവായ ക്രിസ്തു നമുക്ക് സഹനങ്ങളിലൂടെ നേടിത്തന്നത് സമാധാനവും സ്നേഹവുമാണ്. അതെ, ദൈവത്തോടും സഹോദരങ്ങളോടും, അനുരഞ്ജനം ഉണ്ടാകുന്നതിലൂടെ അനുഭവിക്കുവാൻ സാധിക്കുന്ന സമാധാനവും, സ്നേഹവും. നമ്മുടെ ഹൃദയങ്ങളിൽ സ്നേഹവും സഹനവും ഉണ്ടെങ്കിൽ ഈശോ അവിടെ ഉണ്ടായിരിക്കും എന്ന് നാം മനസ്സിലാക്കണം. സമാധാനം തകർക്കുന്ന ചിന്തയും സംസാരവും പ്രവർത്തിയും എല്ലാം ദൈവസ്നേഹത്തിന് എതിരാണ്. ലോകം തരുന്ന സമാധാനമല്ല ഞാൻ നിങ്ങൾക്ക് തരുന്നത് എന്റെ സമാധാനം

ഞാൻ നിങ്ങൾക്ക് തരുന്നു എന്ന് ഈശോ നമ്മോട് പറയുന്നു. നമ്മുടെ സ്നേഹ ശൂന്യത ക്ഷമിക്കാത്ത അവസ്ഥ, നിരാശ, പാപാന്ധകാരം, എന്നിവയിൽ നിന്നും മോചനം നേടാൻ നല്ല ഒരു കുമ്പസാരം നമ്മെ സഹായിക്കും. അങ്ങനെ യേശുവിനോട് ചേർന്ന് നിന്നുകൊണ്ട് അവിടുന്ന് നൽകുന്ന നിത്യമായ സമാധാനം ലഭിക്കാൻ നമുക്ക് സാധിക്കും .ദൈവത്തെയും നമുക്ക് ചുറ്റുമുള്ളവരെയും സ്നേഹിക്കാൻ നമുക്ക് കഴിയണം. മറ്റുള്ളവർക്ക് നമ്മെ തന്നെ നൽകുന്നതാണ് സ്നേഹത്തിന്റെ ഏറ്റവും മഹത്തായ പ്രകടനം. അപരനിൽ ഈശോയെ കണ്ടുകൊണ്ട് അവരെ സ്നേഹിക്കാനും ശുശ്രൂഷിക്കാനും, കരുണ കാണിക്കാനും നമുക്ക് കഴിയണം. നമുക്ക് ചുറ്റുപാടും ഉള്ളവരുടെ കഷ്ടപ്പാടുകൾ നാം കാണാതെ പോകരുത്. നമ്മുടെ കുടുംബങ്ങളിൽ തന്നെ കഷ്ടത അനുഭവിക്കുന്നവർ ഉണ്ട്. അത് നമ്മുടെ മാതാപിതാക്കൾ ആകാം, ജീവിതപങ്കാളിയാകാം മക്കളാകാം, സഹോദരങ്ങൾ ആകാം, അല്ലെങ്കിൽ അയൽവാസികളാകാം. ആരായാലും അവരെ സഹായിക്കുകയും സ്നേഹിക്കുകയും അവർക്ക് വേണ്ടുന്ന സഹായങ്ങൾ ചെയ്തു കൊടുക്കുകയും വേണം. മറ്റുള്ളവരുമായി ദൈവ കേന്ദ്രീകൃതമായ ഒരു ബന്ധം നിലനിർത്തേണ്ടത് ആവശ്യമാണ്. എല്ലാവരെയും സ്നേഹിക്കുന്ന, എല്ലാവരെയും പരിഗണിക്കുന്ന, എല്ലാവരോടും നല്ല ബന്ധം പുലർത്തുന്ന സ്നേഹം അതാണ് കർത്താവ് സ്വന്തം ജീവിതത്തിലൂടെ നമുക്ക് കാണിച്ചു തരുന്നത്.

പുണ്യം നിറഞ്ഞ ഈ നോമ്പുകാലത്തിലൂടെ കടന്നുപോകുമ്പോൾ കുറച്ചുപേർക്കെങ്കിലും കരുതലും, സ്നേഹവും, ആശ്വാസവും നൽകാൻ നമുക്ക് സാധിച്ചാൽ നമുക്കും മറ്റുള്ളവർക്കും അത് ഒരു അനുഗ്രഹമായി തീരും. അതിനായി കർത്താവിനോട് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

# വലിയ നോമ്പും ചെറിയ ചിന്തയും

**രജനി എസ്. റ്റി.**
**കരയ്ക്കാവിള**

**കർത്താവ് തന്റെ അടുക്കലേക്ക് തിരിയുന്നവരോട് പ്രദർശിപ്പിക്കുന്ന കാരുണ്യവും ക്ഷമയും എത്ര വലുതാണ് (പ്രഭാ 17:29)**

വഴിയൊരുക്കാൻ വന്ന സ്നാപകയോഹന്നാനും വഴിയായി വന്ന യേശുവും പ്രഘോഷിച്ച മാനസാന്തരത്തിന്റെ വഴി കൂടുതലായി

നമ്മെ ഓർമ്മപ്പെടുത്തുന്ന നോമ്പ് കാലത്തിലൂടെ നാം കടന്നു പോകുകയാണല്ലോ. മാനസാന്തരത്തിന്റെ വഴി ചെന്നെത്തുന്നത് സ്നേഹത്തിൽ ധൂർത്തനായ വാത്സല്യനിധിയായ പിതാവിന്റെ നീട്ടിപ്പിടിച്ച് കരങ്ങളിലേക്ക് ആണെന്ന് ധൂർത്ത പുത്രന്റെ ഉപമയിലൂടെ യേശു നമ്മെ ഓർമ്മപ്പെടുത്തുന്നു. ആ നീട്ടിയ കരങ്ങളിൽ കുറ്റപ്പെടുത്തലുകളോ പരിഭവങ്ങളോ പരാതിയോ ഇല്ല മറിച്ച് നഷ്ടപ്പെട്ടുപോയ മകനെ തിരിച്ചുകിട്ടിയ ആനന്ദം മാത്രമാണുള്ളത്.

ഒരു കഠിന പാപിയിൽ നിന്നും നീതിമാനിലേക്കുള്ള ദൂരം എത്രയാണ്? മാനസാന്തരത്തിന്റെ വഴിയിൽ അനുതാപത്തോടെയുള്ള ഏതാനും കണ്ണുനീർത്തുള്ളികളുടെ ചെറു ദൂരം മാത്രം. ആത്മാർത്ഥമായ അനുതാപത്തോടെ കണ്ണുനീരൊഴുക്കിക്കൊണ്ട് മാനസാന്തരത്തിന്റെ വഴിയിലൂടെ സഞ്ചരിച്ചവരെയെല്ലാം കർത്താവ് നീതിമാന്മാരുടെ ഗണത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. നീതിമാനായ ദാവീദ് എന്നാണ് ദാവീദ് രാജാവ് അറിയപ്പെടുന്നത്. എന്നാൽ ദാവീദിന്റെ ജീവിതത്തിലേക്ക് നോക്കിയാൽ കഠിന പാപിയായ ഒരു മനുഷ്യനെ നമുക്ക് കണ്ടെത്താനാവും. 2 സാമുവൽ 11-ാം അദ്ധ്യായത്തിൽ അലസനും വ്യഭിചാരിയും കൊലപാതകിയും കപട നാട്യക്കാരനുമായ ദാവീദിനെ നമുക്ക് കാണാം. അടുത്ത വസന്തത്തിൽ രാജാക്കന്മാർ യുദ്ധത്തിന് പോകാറുള്ള സമയത്ത് ദാവീദ് യോവാബിനെയും തന്റെ സൈനികരെ മുഴുവനും അയച്ചു. (2 സാമുവൽ 11:1). സൈന്യം മുഴുവൻ യുദ്ധത്തിൽ ആയിരിക്കുമ്പോൾ കൊട്ടാരത്തിൽ അലസനായി കഴിയുന്ന ഒരു രാജാവിന്റെ ചിത്രമാണിത്. അലസത തിന്മകൾ വളർത്തുന്നു. പ്രഭാ 33:28b). അഭിഷേക തൈലത്താൽ അഭിഷിക്തനായി കർത്താവിന്റെ ആത്മാവ് ശക്തമായി ആവസിച്ച ദാവീദിന്റെ തകർച്ച ഈ അലസതയിൽ നിന്നും ആരംഭിക്കുകയാണ്. അലസനായി മട്ടുപ്പാവിൽ ഉലാത്തുന്ന ദാവീദ് ഹിത്യനായ ഊറിയായുടെ ഭാര്യ ബെത്ഷെബായെ കാണുകയും അവളിൽ അനുരക്തനാവുകയും ചെയ്തു. ദുർമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം പൂർണ്ണവളർച്ച പ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു (യാക്കോബ്1:15). കണ്ണുകളുടെ ദുരാശ ജഡത്തിന്റെ ദുരാശയായി മാറുകയും അങ്ങനെ അലസതയിൽ കഴിഞ്ഞിരുന്നവൻ വ്യഭിചാരിയായി തീരുകയും ചെയ്തു. ദാവീദിന്റെ പതനം അവിടം കൊണ്ട് അവസാനിച്ചില്ല. താൻ ചെയ്ത തെറ്റ് മറക്കാനുള്ള ശ്രമത്തിൽ ദാവീദ് ഒരു കൊലപാതകിയായി മാറി.

യുദ്ധത്തിൽ ശത്രുക്കളുടെ വെട്ടേറ്റ് ഊറിയ മരിക്കുന്നതിന് ദാവീദ് ഇടയാക്കി. അലസനിൽ നിന്നും വ്യഭിചാരിയിൽ നിന്നും കൊലപാതകിയിലേക്ക് ദാവീദ് അധ:പതിക്കുന്നു ശേഷം ഊറിയയുടെ ഭാര്യ ബെത്ഷെബായെ ദാവീദ് സ്വന്തമാക്കി. ആരും ഒന്നും

അറിഞ്ഞില്ലെന്ന് ദാവീദ് കരുതി. എന്നാൽ അവൻ അതി വിദഗ്ധമായി ആസൂത്രണം ചെയ്ത തിന്മയെല്ലാം കർത്താവ് കാണുന്നുണ്ടായിരുന്നു. ദാവീദിന്റെ പ്രവർത്തി കർത്താവിന് അനിഷ്ടമായി (2 സാമുവൽ 11:27) കർത്താവ് നാഥാൻ പ്രവാചകനെ ദാവീദിന്റെ അടുക്കലേക്ക് അയച്ച് അവൻ ചെയ്ത തിന്മകളെ കുറിച്ച് ശക്തമായി ശാസിച്ചു. ന്യായ വാദങ്ങളൊന്നും ദാവീദ് ഉയർത്തിയില്ല താൻ ചെയ്ത തെറ്റിനെ കുറിച്ച് ബോധവാനാവുകയും ഞാൻ കർത്താവിനെതിരെ പാപം ചെയ്തു പോയി (2 സാമുവൽ 12:13) എന്ന് ഏറ്റു പറഞ്ഞുകൊണ്ട് മാനസാന്തരത്തിന്റെ വഴിയിലൂടെ അനുതാപത്തിന്റെ കണ്ണുനീർ വീഴ്ത്തിക്കൊണ്ട് നീതിമാന്മാരുടെ ഗണത്തിലേക്ക് ഉയർന്നു. പാപ വഴികൾ ഉപേക്ഷിച്ച് അനുതാപത്തോടെ കർത്താവിന്റെ പക്കലേക്ക് തിരിച്ചു വന്നവരാരും തള്ളപ്പെടുകയോ തഴയപ്പെടുകയോ ചെയ്തിട്ടില്ല. അനുതപിക്കുന്ന ഒരു പാപിയെ കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷം ഉണ്ടാകും (ലൂക്കാ 15:7) എന്ന് ഈശോ നമ്മോട് പറയുന്നു. വിശുദ്ധ ഗ്രന്ഥത്തിൽ നീതിമാന്റെ സ്ഥാനമാണ് പിന്നീട് ദാവീദിന് ലഭിക്കുന്നത്. ദൈവത്തിന്റെ പുത്രൻ വന്നു പിറക്കുന്നത് ദാവീദിന്റെ വംശത്തിലാണ്. ദാവീദിന്റെ പുത്രൻ എന്ന് യേശു വിളിക്കപ്പെടുകയും ചെയ്യുന്നു. നോക്കൂ, എത്ര ശ്രേഷ്ഠമായ ഒരു അവസ്ഥയിലേക്കാണ് ദൈവം ദാവീദിനെ കൈപിടിച്ചുയർത്തിയത്.

പ്രിയപ്പെട്ടവരേ, നാം എത്ര കഠിന പാപിയാണെങ്കിലും നമ്മുടെ തിരിച്ചുവരവും കാത്ത് വഴിനീളെ കണ്ണുംനീർ നട്ടിരിക്കുന്ന സ്നേഹനിധിയായ പിതാവിനെ നമുക്ക് ഓർമ്മിക്കാം. അപ്പൻ നൽകിയ എല്ലാ കൃപകളും നഷ്ടപ്പെടുത്തി പാപത്തിന്റെ മലിനതയിൽ മുങ്ങിത്താഴുന്ന ദുർഗന്ധം വമിക്കുന്ന ആത്മാവിന്റെ വസ്ത്രം ആവാം നമ്മൾ അണിഞ്ഞിരിക്കുന്നത്. സാരമില്ല, മക്കളുടെ തിരിച്ചുവരവാണ് അപ്പന് പ്രധാനം. ആത്മാവ് മുഷിഞ്ഞ ദുർഗന്ധം വമിക്കുന്നതാണെങ്കിലും നമ്മെ കാണുന്ന മാത്രയിൽ നീട്ടിപ്പിടിച്ച കരങ്ങളുമായി ഓടിവന്ന് ഇറുക്കെ പുണർന്ന് തന്റെ ആനന്ദം പ്രകടിപ്പിക്കുന്ന പിതാവാണ് നമ്മുടെ ദൈവം. നമ്മെ ശുദ്ധി ചെയ്ത പരിശുദ്ധിയുടെ വസ്ത്രം കൊണ്ട് ആത്മാവിനെ അലങ്കരിക്കും അവിടുന്ന്. നമുക്ക് ആവശ്യമായതെല്ലാം നൽകിക്കൊണ്ട് അപ്പന്റെ വാൽസല്യഭാജനമാണ് നാം എന്ന് വീണ്ടും നമ്മെ ഓർമിപ്പിക്കും. തന്റെ വിശുദ്ധ ഗണങ്ങളോടൊപ്പം നമ്മുടെ തിരിച്ചുവരവിനെ അവിടുന്ന് ആഘോഷമാക്കി മാറ്റും. എത്ര മഹത്തരമായ കാര്യങ്ങളാണ് ഒരു തിരിച്ചുവരവിൽ സംഭവിക്കുന്നത്! ഓർക്കുക ഈ സന്തോഷത്തിലേക്കുള്ള ദൂരം അനുതാപത്തിന്റെ ഏതാനും കണ്ണുനീർത്തുള്ളികളുടെ ഇടദൂരം മാത്രം. മാനസാന്തരത്തിന്റെ വഴിയിലൂടെ നടന്ന് നീതിമാന്റെ തലത്തിലേക്ക് ഉയരാൻ ഈ

നോമ്പുകാലം നമ്മെ പ്രചോദിപ്പിക്കട്ടെ. നിദ്ര വിട്ട് ഉണരേണ്ട മണിക്കൂറാണല്ലോ ഇത്. എന്തെന്നാൽ ഇപ്പോൾ രക്ഷ നമ്മൾ ആരും പ്രതീക്ഷിക്കുന്നതിനേക്കാൾ കൂടുതൽ അടുത്തെത്തിയിരിക്കുന്നു (റോമ 13:11)

**ദാവീദിന്റെ അനുതാപം പ്രാർത്ഥനയായി ഉയർന്നതാണ് 51-ാം സങ്കീർത്തനം. കുമ്പസാരത്തിന് ഒരുക്കമായി ഈ സങ്കീർത്തനം ഏറ്റു ചൊല്ലുന്നത് നല്ലതാണ്.**

# ക്രിസ് വോയ്സ് ക്വിസ്സ് 2025

**ടെസ്റ്റ് പേപ്പർ : 4**

## വ്യവസ്ഥകൾ

**1)** മാർച്ച് 20 ഞായറാഴ്ച്ച വൈകുന്നേരം 7:00 PMന് മുമ്പായി പാരിഷ്ഹാളിന്റെ ലെറ്റർ ബോക്സിൽ നിക്ഷേപിക്കുകയോ ഇടവകവികാരിയെ ഏൽപ്പിക്കുകയോ ചെയ്യുക

**2)** ഒന്ന്,രണ്ട് സ്ഥാനക്കാർക്ക്) സമ്മാനങ്ങൾ നൽകുന്നു (ഒന്നിലധികം പേർ ഒരേ മാർക്കിൽ വന്നാൽ നറുക്കെടുപ്പിലൂടെ വിജയികളെ പ്രഖ്യാപിക്കുന്നതാണ്)

**3)** ഒരു ഭവനത്തിൽ നിന്ന് ഒരാൾ മാത്രമേ മത്സരിക്കാവു

## വിശുദ്ധ പൗലോസ് എഫേസോസുകാർക്ക് എഴുതിയ ലേഖനം 1-6, കൂട്ടായ്മ ബോധിനി

1. എല്ലാ വസ്തുക്കളിലും സകലവും പൂർത്തിയാക്കുന്ന ക്രിസ്തുവിന്റെ പൂർണ്ണത എന്താണ്?
2. വ്യർഥ ചിന്തയിൽ കഴിയുന്നത് ആരാണ്?
3. ഞാൻ വായ് തുറക്കുമ്പോൾ എന്ത് ലഭിക്കാനായാണ് നിങ്ങൾ പ്രാർത്ഥിക്കേണ്ടത്?
4. വാഗ്ദാനത്തോടുകൂടിയ ആദ്യത്തെ കൽപ്പന ഏത്?
5. ആരെ വേദനിപ്പിക്കരുത്?
6. വിജാതീയരായ എഫേസോസുകാർക്ക് വേണ്ടി യേശുക്രിസ്തുവിനെ പ്രതി തടവുകാരനായി തീർന്നിരിക്കുന്നതാര്?
7. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനേയും ക്രിസ്തുവിൽ ഒന്നിപ്പിക്കുന്നത് എപ്പോഴാണ്?

8. എല്ലാവരും എന്തു വെടിയണമെന്നാണ് പൗലോസ് ശ്ലീഹ പറയുന്ന
ത്?
9. അറിവിനെ അതിശയിക്കുന്നതെന്താണ്?
10. ആർക്ക് ‘കൃപയും നിത്യജീവനും ഉണ്ടാകട്ടെ‘ എന്നാണ് പ
ൗലോസ് ശ്ലീഹ പറയുന്നത്?
11. ‘ എന്തെങ്കിലും സമ്പാദിക്കുന്നതിനു വേണ്ടി സ്വന്തം കൈകൾ കൊണ്ട് മാന്യമായ ജോലി ചെയ്യട്ടെ‘ എന്തിനാണ് ഇങ്ങനെ ചെയ്യേണ്ട
ത്?
12. പഴയ ജീവിതരീതിയിൽ നിന്നും രൂപം കൊണ്ടത് എന്താണ്?
13. വി. പൗലോസ് സുവിശേഷത്തിന്റെ ശുശ്രൂഷകനായത് എന്താലാ
ണ്?
14. മഹത്വത്തിന്റെ പിതാവായവൻ എന്തിന്റെയൊക്കെ ആത്മാവിനെയാണ് നമുക്ക് പ്രദാനം ചെയ്തിരിക്കുന്നത്?
15. ‘ നിങ്ങൾ ധരിക്കുവിൻ‘ എന്ന് പൗലോസ് ശ്ലീഹാ പറയുന്ന പുതിയ മനുഷ്യൻ എന്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടതാണ്?
16. വെളിപാട് വഴി രഹസ്യം അറിവായത് ആർക്കാണ്?
17. ———ന്റെ മക്കളെപ്പോലെ വർത്തിക്കുവിൻ?
18. അവിശ്രാന്തം ഉണർന്നിരുന്ന് എല്ലാ ———വേണ്ടി പ്രാർത്ഥിക്കുവിൻ
?
19. നമുക്ക് ഓരോരുത്തർക്കും———ന് അനുസൃതമായി കൃപ നൽകപ്പെട്ടിരിക്കുന്നു?
20. നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയതെന്താണ്?
21. നമ്മൾ പാപം വഴി മരിച്ചവർ ആയിരുന്നിട്ടും——നമ്മോട് കാണിച്ച മഹത്തായ സ്നേഹത്താൽ ക്രിസ്തുവിനോട് കൂടെ നമ്മെ ജീവിപ്പിച്ചു
22. എന്തു നിലനിർത്താനാണ് ജാഗരൂകരായിരിക്കേണ്ടത്?
23. നമുക്ക് ഉചിതമായത് എന്താണ്?
24. നിങ്ങളുടെ കോപം ഏതു വരെ നീണ്ടുപോകരുത് എന്നാണ് പറയുന്നത്?
25. യേശുവിലുള്ള——മൂലം ആത്മധൈര്യവും ദൈവത്തെ സമീപിക്കാൻ സാധിക്കുമെന്ന പ്രത്യാശയും നമുക്കുണ്ട്?
26. അപ്പസ്തോലന്മാരും പ്രവാചകന്മാരും ആകുന്ന അടിത്തറയുടെ മൂലക്കല്ല്——ആണ്?
27. ക്രിസ്തുവിന്റെ രക്തം വഴി നമുക്ക് കൈവന്നിരിക്കുന്നത് എന്താ
ണ്?
28. തെറ്റിന്റെ വഞ്ചനയിൽപ്പെടുത്താൻ മനുഷ്യർ കൗശലപൂർവ്വം നൽകുന്നത് എന്ത്?
29. ഏതു മക്കളുടെ മേലാണ് ദൈവത്തിന്റെ ക്രോധം നിപതിക്കുന്നത്?

30. ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെട്ടുന്നതിന് നിങ്ങളെ ശക്തരാക്കുന്ന——എടുക്കുവിൻ?
31. കർത്താവിന് വേണ്ടി എന്ന പോലെ സന്മനസ്സോടെ ശുശ്രൂഷ ചെയ്യേണ്ടത് ആര്?
32. ‘ എന്തിന് യോഗ്യമായ ജീവിതം നയിക്കുവിൻ‘ എന്നാണ് വി. പൗലോസ് ആഹ്വാനം ചെയ്യുന്നത്?
33. എങ്ങനെയാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്?
34. സ്നേഹപൂർവ്വം അന്യോന്യം സഹിഷ്ണുതയോടെ വർത്തിക്കുവാൻ എന്തൊക്കെ പുണ്യങ്ങൾ അഭ്യസിക്കണം?
35. ബുദ്ധിയിൽ അന്ധകാരം നിറഞ്ഞ് ദൈവത്തിന്റെ ജീവനിൽ നിന്ന് അകറ്റപ്പെട്ടിരിക്കുന്നത് ആര്?
36. വിശുദ്ധർക്ക് അവകാശമായി അവിടുന്ന് വാഗ്ദാനം ചെയ്തിരിക്കുന്നത് എന്താണ്?
37. ദൈവം തന്റെ പദ്ധതിയുടെ രഹസ്യം നമുക്ക് മനസ്സിലാക്കിത്തന്നത് ആരിലൂടെയാണ്?
38. നിങ്ങളുടെ അധരങ്ങളിൽ നിന്ന്——വാക്കുകൾ പുറപ്പെടാതിരിക്കട്ടെ?
39. സാത്താന്റെ കുടില തന്ത്രങ്ങളെ എതിർത്തു നിൽക്കാൻ എന്താണ് ധരിക്കേണ്ടത്?
40. ദൈവത്തിന്റെ മഹത്വം പ്രകീർത്തിക്കുന്നതിനുള്ള അവകാശം നാം വീണ്ടെടുത്തു സ്വന്തമാക്കുന്നത് വരെ ആ അവകാശത്തിന്റെ അച്ചാരമാണ്——?
41. മറ്റു തലമുറകളിലെ മനുഷ്യർക്ക് ഇത് വെളിവാക്കപ്പെട്ടിരുന്നില്ല. ഏത്?
42. നിങ്ങൾ അവസരം കൊടുക്കരുതാത്തത് ആർക്ക്?
43. ‘ മരിച്ചവരിൽ നിന്ന് എഴുന്നേൽക്കുക‘ എന്നതിനു സമാനമായ പഴയ നിയമ ഭാഗം?
44. സുവിശേഷ രഹസ്യത്തിന്റെ ബന്ധനസ്ഥനായ സ്ഥാനപതി ആര്?
45. യേശു തന്നെ ശരീരത്തിലൂടെ ഇല്ലാതാക്കിയത് എന്താണ്?
46. ‘ ദൈവത്തിന്റെ മധ്യസ്ഥൻ‘ എന്ന ചാക്രിക ലേഖനം എഴുതിയ പാപ്പാ?
47. ‘ ലിറ്റർജിക്ക് നൽകുന്നതിലേറെ മുൻഗണന മറ്റൊന്നിനും നാം നൽകരുത്‘ ആരുടെ വാക്കുകൾ?
48. തന്റെ ദൈവികതയെ സൂചിപ്പിക്കാൻ യേശു ‘ഞാൻ‘ എന്ന പ്രയോഗം എത്ര തവണ ഉപയോഗിക്കുന്നു?
49. പരിശുദ്ധ ഫ്രാൻസിസ് പാപ്പായുടെ സിനഡനന്തര അപ്പസ്തോലിക പ്രബോധനത്തിന്റെ പേര്?
50. കെ.സി.ബി.സി. യുടെ നേതൃത്വത്തിൽ യുവജന വർഷമായി ആഘോഷിച്ച വർഷം?

# ക്രിസ് വോയ്സ് ക്വിസ്
# ടെസ്റ്റ് പേപ്പർ 3–ന്റെ ഉത്തരങ്ങൾ

1. സദുക്കായർ (20:27)
2. പോൾ രണ്ടാമൻ (ക്രിസ് വോയ്സ്)
3. ക്ലെയോപസ് (24:18)
4. സമ്പത്തുള്ളവർ (18:24)
5. ഞങ്ങൾക്കറിഞ്ഞുകൂടാ (20:7)
6. ഒലിവ് മലയിൽ (22:39,40)
7. ആറാം മണിക്കൂറിൽ (23:44)
8. 1300ൽ (ക്രിസ് വോയ്സ്)
9. നഗരത്തിൽ തന്നെ (24:49)
10. യേശുവിനെ (23:8)
11. പീഡനത്തിലും (21:19)
12. സങ്കീർത്തനം (118:26)
13. മനുഷ്യ പുത്രന്റെ ദിവസങ്ങളിൽ ഒന്ന് (17:22)
14. പുളിപ്പില്ലാത്ത അപ്പത്തിന്റെ ദിനം(22:7)
15. ഗലീലിയയിൽ നിന്ന് യേശുവിനൊപ്പം വന്ന സ്ത്രീകൾ (23:55)
16. ഭക്ഷണം തയ്യാറാക്കുക
17. ദൈവം (18:19)
18. ലൂക്ക (22:43)
19. നിങ്ങൾക്ക് സമാധാനം (24:36)
20. മുന്തിരിത്തോട്ടവും കൃഷിക്കാരനും (20:19)
21. ഒരു കുരുടൻ (18:38)
22. വിശുദ്ധ വാതിൽ (ക്രിസ് വോയ്സ്)
23. 11 കിലോമീറ്റർ (Foot note page 131)
24. പത്രോസ് (22:58)
25. പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ കല്ല് മൂലകല്ലായി തീർന്നു
26. സോദോ (17:29)
27. അപ്പസ്തോലന്മാർ (17:5)
28. ലൂക്ക (20:37)
29. ശതാധിപൻ (23:47)
30. സാത്താൻ (22:31)
31. വിശ്വാസം (18:8)
32. തലമുറ (21:32)
33. ഇവൻ യഹൂദരുടെ രാജാവ് (23:38)
34. ഹേറോദോസ് (23:11)
35. ലൂക്ക (20:17)
36. സക്കേവൂസ് (19:9)
37. പ്രത്യാശയുടെ തീർത്ഥാടകർ (ക്രിസ് വോയ്സ്)

38. അടയാളങ്ങൾ (21:25)
39. അവരുടെ കണ്ണു തുറക്കപ്പെട്ടു 24:30-31)
40. കുപ്പായം (22:36)
41. എശയ്യ (56:7)
42. കുരിശ് (ക്രിസ് വോയ്സ്)
43. ജറുസലേം (19:41)
44. എന്നെ ഒറ്റിക്കൊടുക്കുന്നവന്റെ കൈ (22:21)
45. അരമത്തിയായിൽ നിന്നുള്ള ജോസഫ് (23:50-51)
46. ഒരു കഷണം വറുത്ത മീൻ (24:42)
47. ആറ് (20:46,47)
48. ലൂക്ക (19:26)
49. സമരിയക്കാരൻ (17:16)
50. 12 പേരോട് (18:31)

# മാർച്ച് മാസത്തെ ബി.സി.സി. കുടുംബയോഗങ്ങൾ


| NO | യൂണിറ്റ് | ദിവസം | സമയം | ഭവനം |
|---|---|---|---|---|
| 1 | താഴയ്ക്കാമണ്ണടി | 08/03/2025<br>30/03/2025 | 6 : 00 PM<br>6 : 00 PM | എലിസബത്ത്<br>ബിബിൻ |
| 2 | ചില്ലിൻവിള | 08/03/2025<br>23/03/2025 | 6 : 00 PM<br>6 : 30 PM | ഷാജിൻ<br>ശശി |
| 3 | വലിയവിള | 02/03/2025<br>23/03/2025 | 5 : 30 PM<br>5 : 30 PM | സത്യനേശൻ<br>സ്റ്റീഫൻ |
| 4 | പ്ലാന്തോട്ടം | 09/03/2025<br>23/03/2025 | 6 : 00 PM<br>6 : 00 PM | യേശുദാസ്<br>സദാനന്ദൻ |
| 5 | മോന്തിവിള | 09/03/2025<br>23/03/2025 | 6 : 30 PM<br>6 : 30 PM | ജയകുമാർ<br>ജോസ് |
| 6 | കാരയ്ക്കാവിള | 09/03/2025<br>23/03/2025 | 5 : 00 PM<br>5 : 00 PM | വിൻസെന്റ്<br>ഗീത |
| 7 | പണ്ടാരത്തോട്ടം | 08/03/2025<br>30/03/2025 | 6 : 00 PM<br>6 : 00 PM | സെൽവരാജൻ<br>ബെൻസിലാൽ |
| 8 | മണ്ണക്കല്ല് | 08/03/2025<br>23/03/2025 | 6 : 30 PM<br>6 : 30 PM | ജോൺസൺ<br>ശാന്തപ്പൂ |

| NO | യൂണിറ്റ് | ദിവസം | സമയം | ഭവനം |
|---|---|---|---|---|
| 9 | പുത്തൻകട | 09/03/2025<br>23/03/2025 | 6 : 00 PM<br>6 : 00 PM | ലത<br>ബിന്ദു പ്രിയ |
| 10 | മുടന്താന്നി | 08/03/2025<br>22/03/2025 | 6 : 00 PM<br>6 : 00 PM | ഗോപി<br>ശ്രീധരൻ |
| 11 | മണലിക്കടവ് | 08/03/2025<br>23/03/2025 | 5 : 30 PM<br>5 : 30 PM | കരുണാകരൻ<br>ആനന്ദ്കുമാർ |
| 12 | മലഞ്ചരിക് | 09/03/2025<br>30/03/2025 | 6 : 00 PM<br>6 : 00 PM | രാജൻ<br>ബിജു |
| 13 | പഴയകട | 09/03/2025<br>23/03/2025 | 6 : 00 PM<br>6 : 00 PM | അജിത് രാജ്<br>പ്രവീൺ |
| 14 | പട്ട്യക്കാല | 02/03/2025<br>23/03/2025 | 5 : 30 PM<br>5 : 00 PM | ജോസ്<br>സുനിൽകുമാർ |
| 15 | കുളങ്ങരവിള | 08/03/2025<br>22/03/2025 | 6 : 00 PM<br>6 : 00 PM | മുരുകൻ<br>ജസ്റ്റിൻ ഗ്രേസ് |
| 16 | പള്ളിമന | 08/03/2025<br>23/03/2025 | 6 : 00 PM<br>6 : 00 PM | വത്സല<br>ബാബുരാജൻ |
| 17 | കടവിള | 09/03/2025<br>30/03/2025 | 6 : 00 PM<br>6 : 00 PM | അരുൺ<br>ജോസ് |
| 18 | പുന്നയ്ക്കാവിള | 8/3/2025<br>23/03/2025 | 6 : 00 PM<br>6 : 00 PM | ബിനിൽ<br>രത്തൻരാജ് |

# 2025 ജനുവരി മാസം വരിതന്നവരുടെ പേരുവിവരം

| | | |
|---|---|---|
| 1 | ശ്യാമള, പണ്ടാരത്തോട്ടം | 600 |
| 2 | ബാബു, പഴയകട | 200 |
| 3 | സന്തോഷ് ജോർജ്, പ്ലാന്തോട്ടം | 2000 |
| 4 | പ്രവീ ജോൺ ജെ., പഴയകട | 1000 |
| 5 | വിജയൻ, കാരയ്ക്കാവിള | 500 |
| 6 | അനിൽകുമാർ, കുളങ്ങരവിള | 250 |
| 7 | അനിൽകുമാർ എസ്. എൽ., മണലിക്കടവ് | 100 |
| 8 | അനീഷ് കുമാർ എസ്. എൽ., മണലിക്കടവ് | 100 |
| 9 | ശ്രീകുമാർ, തഴയ്ക്കാമണ്ണടി | 300 |
| 10 | സുനിൽകുമാർ, പണ്ടാരത്തോട്ടം | 1200 |

| | | |
|---|---|---|
| 11 | രാജൻ, മോന്തിവിള | 450 |
| 12 | പുഷ്പാകരൻ, മോന്തിവിള | 200 |
| 13 | സരസൻ, കുളങ്ങരവിള | 1000 |
| 14 | സിബി ടി. എസ്., കുളങ്ങരവിള | 300 |
| 15 | ബെനഡിക്ട്, വലിയവിള | 500 |
| 16 | ബെൻസിലാൽ, പണ്ടാരത്തോട്ടം | 1200 |
| 17 | അജികുമാർ, പുത്തൻകട | 1950 |
| 18 | പ്രേംകുമാർ എസ്. കാരയ്ക്കാവിള | 1200 |
| 19 | മധു, പുന്നയ്ക്കാവിള | 600 |
| 20 | സജിത്ത് വി., പുന്നയ്ക്കാവിള | 500 |
| 21 | വിൻസെന്റ്, പുന്നയ്ക്കാവിള | 100 |
| 23 | ജിതിൻ ആർ., ചില്ലിൻവിള | 5000 |
| 24 | കൃഷ്ണൻനാടാർ, മണലിക്കടവ് | 370 |
| 25 | ജസ്റ്റിൻരാജ്, പട്ട്യക്കാല | 1000 |
| 26 | സേവ്യർ, പുന്നയ്ക്കാവിള | 600 |
| 27 | രാജു, തഴയ്ക്കമണ്ണടി | 200 |
| 28 | ജോസ്മേരി, പഴയകട | 600 |
| 29 | അനിൽകുമാർ, മുടന്താന്നി | 100 |
| 30 | ജസ്റ്റിൻരാജ്, പട്ട്യക്കാല | 5500 |
| 31 | അനിൽകുമാർ വി. യു., തഴയ്ക്കാമണ്ണടി | 500 |
| 32 | രവീന്ദ്രൻ, മോന്തിവിള | 200 |
| 33 | സജി, വലിയവിള | 2400 |
| 34 | ശ്രീകാന്ത്, പഴയകട | 3500 |
| 34 | ക്രിസ്തുരാജൻ പഴയകട | 15000 |
| 36 | ബർണാഡ് (അർജുനൻ), പട്ട്യക്കാല | 1000 |
| 37 | ഗീത, പുന്നയ്ക്കാവിള | 2000 |
| 38 | അശോക് കുമാർ എം., പണ്ടാരത്തോട്ടം | 1500 |
| | ആകെ | 53,720 |






**ആൻ മരിയ എസ്. രാജ്**
**ക്ലാസ് : 6**





**ഏബൻ എ.**
**ക്ലാസ് : 1**



**നിയുക്ത സഹമെത്രാൻ റൈറ്റ് റവ. ഡോ. ഡി. സെൽവരാജൻ പിതാവിന് തിരുപുറം ഇടവക കുടുംബം നൽകിയ സ്വീകരണം**

# എസ്. എസ്. എൽ. സി. / പ്ലസ് ടൂ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളോട്......

തിരുപുറം വി. ഫ്രാൻസിസ് സേവ്യർ
ഇടവക മീഡിയ ടീം

**പരീക്ഷയെ നേരിടാം ആത്മവിശ്വാസത്തോടെ...**

1. പഴയ ചോദ്യപേപ്പറുകൾ ശേഖരിച്ചു ഉത്തരങ്ങൾ എഴുതി പരിശീലിക്കുക.
2. പരീക്ഷയുടെ തലേദിവസം നന്നായി ഉറങ്ങണം.ഉറക്കമൊഴച്ചിരുന്നു പഠിക്കുന്നത് വിപരീതഫലം സൃഷ്ടിക്കും.
3. പരീക്ഷ,സമയത്തിന് ഒരു മണിക്കൂർ നേരത്തേ ഹാളിനു സമീപം എത്താൻ ശ്രദ്ധിക്കണം. വഴിയിൽ സംഭവിച്ചേക്കാവുന്ന അപ്രതീക്ഷിത തടസങ്ങൾ കാരണം വൈകി എത്തിയാൽ മാനസിക സമ്മർദ്ദം ഉണ്ടാകാം
4. കുടിവെള്ളം,പേന,ഹാൾടിക്കറ്റ്,പെൻസിൽ,സ്കെയിൽ തുടങ്ങിയ ആവശ്യമായ സാമഗ്രികൾ കൈയിൽഉണ്ട് എന്ന് ഉറപ്പുവരുത്തണം.
5. ചോദ്യപേപ്പർ ലഭിച്ചാൽ ഉടനെ മുഴുവനായും ഒരാവർത്തി വായിക്കണം.
7. ഏറ്റവും നന്നായി അറിയുന്ന ചോദ്യങ്ങൾക്കു ആദ്യം ഉത്തരം എഴുതുക. ഓരോ ചോദ്യത്തിന്റെയും മാർക്കിന്റെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ചു ഉത്തരം എഴുതണം.
8. സമയക്രമം പാലിക്കണം. ഇല്ലേകിൽ മുഴുവൻ ചോദ്യങ്ങൾക്കും ഉത്തരം എഴുതാൻ പ്രയാസപ്പെടും.
9. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതി എന്ന് ഉറപ്പുവരുത്തണം. ഓരോ ഉത്തരങ്ങൾക്കു ശേഷം അൽപ്പം സ്ഥലം ഒഴുച്ചിടുന്നത് നല്ലതാണ്. പിന്നീട് ഒരു പ്രധാനപോയിന്റ് ഓർമവന്നാൽ ചേർക്കാൻ ഈ സ്ഥലം ഉപകരിക്കും.
10. പ്രധാന പോയിന്റുകൾക്ക് അടിവരയിടുന്നത്, ഉപന്യാസത്തിന് ഇടക്കിടെ ചെറിയ തലക്കെട്ടുകൾ നൽകുന്നത്, കൂടുതൽ മാർക്ക് നേടാനുള്ള ഉപാധിയാണ്.
11. പരീക്ഷ സമയം അവസാനിക്കുന്നതിനു മുൻപ് ഹാളിൽ നിന്നും പുറത്തിറങ്ങരുത്. എഴുതിയ ഉത്തരങ്ങൾ വായിക്കാനും,എതെകിലും ചോദ്യ നമ്പർ തെറ്റിപ്പോയാൽ തിരുത്താനും വിട്ടുപോയതുണ്ടെങ്കിൽ ചേർക്കാനും ഈ സമയം വിനിയോഗിക്കാവുന്നതാണ്.
12. ഉത്തരങ്ങൾ എഴുതുമ്പോൾ ചോദ്യ നമ്പർ തെറ്റാതെ എഴുതണം.

## അഭിവന്ദ്യ
## റൈറ്റ് റവ. ഡി. സെൽവരാജൻ
## പിതാവിന്റെ മെത്രാഭിഷേകം

**2025 മാർച്ച് 25**
**വൈകുന്നേരം 3 : 30ന്**

**സ്ഥലം : മുസിപൽ സ്റ്റേഡിയം നെയ്യാറ്റിൻകര**

**പ്രാർത്ഥനാശംസകളോടെ**
**തിരുപുറം വിശുദ്ധ ഫ്രാൻസിസ്**
**സേവ്യർ ഇടവക കുടുംബം**





**27/02/2025 തിരുപുറം വിശുദ്ധ ഫ്രാൻസിസ് സേവ്യർ ഇടവകയിലെ ഉണർവ് സീനിയർ സിറ്റിസണിന്റെ വാർഷികം**



**KLCA നെയ്യാറ്റിൻകര സോണൽ ഭാരവാഹികൾ**


ശാന്തി ജി.
ജനനം :24/05/1970
മരണം :08/03/2023
2—ാം ചരമ വാർഷികം
അനുസ്മരണ പ്രാർത്ഥന 08/03/2025 വൈകിട്ട് 4 മണിക്ക്.
തുടർന്ന് ഭാവനത്തിലും കുഴിമാടത്തിലും പ്രാർത്ഥന ശുശ്രുഷ


വി. ഫ്രാൻസിസ് സേവ്യർ ദൈവാലയം തിരുപുറം
നെയ്യാറ്റിൻകര ലത്തീൻ രൂപത
പുന്നയ്കാവിള
തിരുകുടുംബ
കുരിശടി
ആശിർവാദവും ദിവ്യബലിയും
2025 മാർച്ച് 03 തിങ്കൾ വൈകുന്നേരം 5:30-ന്
റൈറ്റ്. റവ. ഡോ. വിൻസെന്റ് സാമുവൽ
(നെയ്യാറ്റിൻകര രൂപത മെത്രാൻ)